**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1397** **07-10-2021 - ൽ മറുപടിയ്ക്ക്**

**കേരള കെട്ടിട നിർമ്മാണ ക്ഷേമനിധി സെസ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. മാത്യു കുഴൽനാടൻ | | **Shri V Sivankutty**<br>**(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി)** | |
| (എ) | കേരള കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമനിധിയിലേക്കുള്ള സെസ് പിരിച്ചെടുക്കുന്നതിന് നിലവിലുള്ള സംവിധാനം എന്താണെന്ന് വ്യക്തമാക്കുമോ; | (എ) | 1996 -ലെ കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമ സെസ്സ് നിയമപ്രകാരമാണ് സെസ് പിരിച്ചുവരുന്നത് . ഇതിനായി ഡെപ്യൂട്ടി ലേബർ ഓഫീസർ, അസിസ്റ്റന്റ് ലേബർ ഓഫീസർ ഗ്രേഡ് - I എന്നിവരെ അസസ്സിംഗ് ഓഫീസർമാരായി നിയമിച്ച് വിജ്ഞാപനം ചെയ്തിട്ടുള്ളതാണ്. ഓരോ അസസ്സിംഗ് ഓഫീസർമാരുടെയും അധികാര പരിധിയിലെ നിർമ്മാണ പ്രവർത്തനങ്ങൾ സംബന്ധിച്ച വിവരം അതത് താലൂക്ക് ഓഫീസുകളിലെ One time Tax Assessment Register ൽ നിന്നും ശേഖരിച്ച്, ആയത് രജിസ്റ്റർ ചെയ്തു കൊണ്ടാണ് സെസ്സ് ഈടാക്കുന്നതിനുള്ള പ്രാഥമിക നടപടികൾ സ്വീകരിക്കുന്നത്.കക്ഷികൾ സമർപ്പിക്കുന്ന ഫോറം -1 ന്റെ അടിസ്ഥാനത്തിൽ അസസ്സ്മെന്റ് നോട്ടീസും തുടർന്ന് അസസ്സ്മെന്റ് ഉത്തരവും നൽകികൊണ്ടാണ് സെസ്സ് പിരിച്ചുവരുന്നത്.സെസ്സ് ഒടുക്കാത്ത പക്ഷം റവന്യൂ റിക്കവറി നടപടി സ്വീകരിച്ചു കൊണ്ട് സെസ്സ് ഈടാക്കി വരുന്നു. |
| (ബി) | പ്രസ്തുത സെസ്സ് ഇനത്തിൽ വലിയ തുക കുടിശ്ശിക ഉണ്ടാകുവാനുള്ള കാരണം പരിശോധിച്ചിട്ടുണ്ടോ; | (ബി) | ഉണ്ട്. ബന്ധപ്പെട്ട കക്ഷികൾക്ക് നോട്ടീസ് നൽകിയിട്ടും യഥാസമയം ഹാജരായി ഫോറം 1 ഉം അനുബന്ധ രേഖകളും സമർപ്പിക്കാത്തത് സെസ് തുക ഈടാക്കുന്നതിൽ കാലതാമസത്തിന് കാരണമാകുന്നുണ്ട് .കൂടാതെ 2017-18, 2018-19 വർഷങ്ങളിലുണ്ടായ പ്രളയവും തുടർന്ന് 2020 മാർച്ച് മാസം മുതലുണ്ടായ കോവിഡ് സാഹചര്യങ്ങളും മൂലം സെസ്സ് കാര്യക്ഷമമായി പിരിക്കുവാൻ സാധിച്ചിട്ടില്ലാത്തതിനാലും സെസ്സ് ഇനത്തിൽ വലിയ തുക കുടിശ്ശികയായി വരാൻ കാരണമായി . |
| (സി) | സെസ്സ് കുടിശ്ശിക പിരിച്ചെടുക്കാൻ അടിയന്തര നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ? | (സി) | സെസ്സ് കുടിശ്ശിക അടിയന്തിരമായി പിരിച്ചെടുക്കുന്നതിന് സ്പെഷ്യൽ ഡ്രൈവ് സംസ്ഥാന വ്യപകമായി നടന്നുവരുന്നു. തീർപ്പാക്കാനുള്ള സെസ്സ് ഫയലുകൾ അടിയന്തരമായി |

| | | | |
|---|---|---|---|
| | | | തീർപ്പാക്കുന്നതിലേയ്ക്കായി പലിശയും, പിഴപ്പലിശയും ഒഴിവാക്കിയും, സാമ്പത്തിക ബുദ്ധിമുട്ടുള്ള കെട്ടിട ഉടമകൾക്ക് ഗഡുക്കളായി സെസ്സ് അടയ്ക്കുവാനുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തിക്കൊണ്ടും അദാലത്തുകൾ നടത്തുന്ന വിഷയം സർക്കാരിന്റെ സജീവ പരിഗണനയിലാണ് . |

സെക്ഷൻ ഓഫീസർ